**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2596** **21-01-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റ് ഗൈഡുകൾക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി .എസ്. ശിവകുമാർ | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം വികസനത്തിന് നല്ല നിലവാരമുള്ള ടൂറിസ്റ്റ് ഗൈഡുകളുടെ സേവനം അവശ്യഘടകമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ ടൂറിസം വികസനത്തിന് നല്ല നിലവാരമുള്ള ടൂറിസ്റ്റ് ഗൈഡുകളുടെ സേവനം അവശ്യ ഘടകമാണെന്നു തന്നെയാണ് വകുപ്പിന്റെ വിലയിരുത്തൽ. |
| (ബി) | ടൂറിസ്റ്റ് ഗൈഡുകൾക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ ടൂറിസ്റ്റുകൾക്ക് മികച്ച സേവനം നൽകുന്നതിനായി ടൂറിസം വകുപ്പിന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് (കിറ്റ്സ്) വഴി സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും ടൂറിസ്റ്റ് ഗൈഡുകൾക്ക് പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ പൊതു ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ടൂറിസവുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ പൊതു ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ടൂറിസവുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ